പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5710 — 28.03.2018-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

ചോദ്യം — **ശ്രീ.പി.ഉബൈദുള്ള**

ഉത്തരം — **പിണറായി വിജയൻ, മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) (യും) (ബി) യും | ഇല്ല. നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13.12.2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.യുടെ ഇ-വേക്കൻസി |
| (ബി) | എങ്കിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ ഉഭപവ സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും, നിയമന അധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റനിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018 നകം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 17.03.2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി ജില്ലയിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം നൽകുമോ? | | 28.02.2018 വരെ മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലായി 4915 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ